"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് - ബി.എസ്.എൻ.എൽ ബ്രോഡ് ബാൻഡ് ലീസ്ഡ് സർക്യൂട്ട് കണക്ഷന്റെ 2026-27 വർഷത്തെ മുൻകൂർ വാർഷിക വാടക അടവ് വരുത്തുന്നതിന് ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.505/2026/LBR    തീയതി,തിരുവനന്തപുരം, 25-03-2026

---

പരാമർശം:-    1. 23.02.2026-ലെ 714ാംമത് ബോർഡ് യോഗതീരുമാനം.

2. ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ 26.02.2026-ലെ KTWWFB/604/2021-B3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 13 ജില്ലാ ഓഫീസുകളിലും, ചീഫ് ഓഫീസിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനാവശ്യമായ ബ്രോഡ്ബാൻഡ് ലീസ്ഡ് സർക്യൂട്ട് കണക്ഷന്റെ 2026-27 വർഷത്തെ മുൻകൂർ വാർഷിക വാടക ബിൽ തുകയായ 8,88,573/- (എട്ട് ലക്ഷത്തി എൺപത്തി എട്ടായിരത്തി അഞ്ഞൂറ്റി എഴുപത്തി മൂന്ന് രൂപ മാത്രം) 2025-26 സാമ്പത്തിക വർഷത്തിൽ തന്നെ അടവ് വരുത്തണമെന്ന് ബി.എസ്.എൻ.എൽ ഓഫീസിൽ നിന്നും അറിയിട്ടുണ്ടെന്നും അല്ലാത്ത പക്ഷം ടി കണക്ഷൻ വിച്ഛേദിക്കുകയും ആയത് ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുകയും ചെയ്യുമെന്നുള്ളതിനാൽ, അടിയന്തര സാഹചര്യം പരിഗണിച്ച് കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കമ്പ്യൂട്ടർവൽക്കരണം എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന 90,00,000/- രൂപയിൽ നിന്നും അവശേഷിക്കുന്ന തുകയായ 87,39,548/-രൂപയിൽ നിന്ന്, ടി തുക അടവ് വരുത്തുന്നതിന് അനുമതി നൽകണമെന്നും കൂടാതെ ബ്രോഡ്ബാൻഡ് ലീസ്ഡ് സർക്യൂട്ട് കണക്ഷന്റെ വാർഷിക വാടക ദൈനംദിന ചെലവുകളുടെ ഭാഗമായതിനാലും ഓരോ വർഷവും സർക്കാർ അംഗീകാരം ലഭിക്കുന്ന ബഡ്ജറ്റിൽ കമ്പ്യൂട്ടറൈസേഷൻ എന്ന ഹെഡിൽ ഉൾപ്പെടുത്തുന്നതിനാലും ഓരോ വർഷവും ബിൽ അടക്കുന്നതിന് സർക്കാർ അനുമതി വാങ്ങുന്നതിൽ നിന്നും ഒഴിവാക്കി നൽകണമെന്നും ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ പരാമർശം (2) പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഈ വിഷയം പരിശോധിച്ചു. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ബ്രോഡ്ബാൻഡ് ലീസ്ഡ് സർക്യൂട്ട് കണക്ഷന്റെ 2026-27 സാമ്പത്തിക വർഷത്തെ മുൻകൂർ വാർഷിക വാടക ബിൽ തുകയായ 8,88,573/- രൂപ (എട്ട് ലക്ഷത്തി എൺപത്തി എട്ടായിരത്തി അഞ്ഞൂറ്റി എഴുപത്തി മൂന്ന് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിൽ തന്നെ അടവ് വരുത്തുന്നതിന് ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3. തുടർവർഷങ്ങളിൽ ബി.എസ്.എൻ.എൽ ബ്രോഡ് ബാൻഡ് ലീസ്ഡ് സർക്യൂട്ട് കണക്ഷന്റെ വാർഷിക വാടക മുൻകൂറായി അടയ്ക്കുന്നതിനുള്ള അധികാരം ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർക്ക് ഡെലിഗേറ്റ് ചെയ്ത് നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റെറ്റി പി തോമസ്
അണ്ടർ സെക്രട്ടറി

ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(LBRD-B1/43/2026-LBRD)

ഉത്തരവിൻ പ്രകാരം

Signed by
Abhilash S S
Date: 25-03-2026 12:54:31
സെക്ഷൻ ഓഫീസർ

പകർപ്പ് : 1. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്
2. തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എസ്.-ന്